(1)	(2)
എറണാകുളം	18-1-2015 മുതൽ
തൃശ്ശൂർ	3-7-2015
പാലക്കാട്	10-10-2014
മലപ്പുറം	29-5-2015
കോഴിക്കോട്	1-4-2014
വയനാട്	
കണ്ണൂർ	
കാസർഗോഡ്	

ഒഴിവുള്ള പ്രസ്തുത ബീറ്റ് ഫോറസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റുകൾ നിലവിലില്ല.

വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി

314 (325) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ; ഇത്തരം ഭൂമി എത്ര കാലത്തിനകം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 1977-നു ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ ;

(സി) ഹൈക്കോടതി നിർദ്ദേശമനുസരിച്ച് ഇതിനകം എത്രപേർക്ക് ഒഴിപ്പിക്കൽ നോട്ടീസ് നൽകി ; ഇതിനകം എത്ര പേരെ ഒഴിപ്പിച്ചു ;

(ഡി) വനഭൂമി കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ബഹു. ഹൈക്കോടതിയുടെ വിധി കൈപ്പറ്റിയ തീയതിയായ 17-9-2015 മുതൽ ഒരു വർഷത്തിനകമാണ് കയ്യേറ്റം ഒഴിപ്പിക്കേണ്ടത്.

(ബി) ഉണ്ട്.

(സി) കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ഡി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തിനുള്ളിലാണ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടത്. ഇതിലേയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

ഹരിതശ്രീ പദ്ധതി

315 (326) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിതശ്രീ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹരിതശ്രീ പദ്ധതി 2014-15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2014-15-ലെ ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷതൈകൾ സംസ്ഥാനത്തൊട്ടാകെ നടുന്നതിനും ടി തൈകൾ നഷ്ടപ്പെട്ടുപോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ

LIBRARY ARCHIVES Kerala Legislative Assembly